# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 565** **27/10/2016 ൽ മറുപടി**

## <u>ഹൈടെക് ക്ലാസ്സുകൾ</u>

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വി.ടി.ബൽറാം | | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്കൂൾ ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിന് തീരുമാന മെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി അടുത്ത രണ്ട് വർഷം കൊണ്ട് സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക്ക്ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകാനായി മിഷൻ മാതൃകയിലുള്ള പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഐടി@സ്കൂളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ക്ലാസ്സുകളാണ് ഇതിനു വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്; വിവരിക്കുമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സുകളെയുമാണ് ഹൈടെക്ക് ആക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കു ന്നത്. ആദ്യഘട്ടത്തിൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ 4 നിയോജക മണ്ഡലങ്ങളിലാണ് പൈലറ്റ് പദ്ധതി നടപ്പാക്കുന്നത്. തുടർന്ന് എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുന്ന തിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | എന്തൊക്കെ സൗകര്യങ്ങളാണ് ഇതിനു വേണ്ടി ക്ലാസ്സുകളിലും സ്കൂളുകളിലും ഒരുക്കുന്നത്; വിശദമാക്കുമോ; | (സി) | 1. പൊതു വിദ്യാലയങ്ങളിൽ ക്ലാസ് മുറികളെ ആധുനിക സാങ്കേതികത ഉപയോഗപ്പെടുത്തി സജ്ജമാക്കുക.<br>2. പാഠ്യപദ്ധതി അനുസരിച്ചുള്ള പഠനവിഭവങ്ങളും സാങ്കേതിക വിദ്യാശാക്തീകൃതമായ പഠന പ്രവർത്തനങ്ങളും അധ്യയന പഠന |

| | | | |
|---|---|---|---|
| | | | തന്ത്രങ്ങളും വികസിപ്പിക്കുക.<br>3. ഐ.സി.ടി. അധിഷ്ഠിത പഠനത്തിനുതകുംവിധം എല്ലാ ക്ലാസുകളെയും മൾട്ടിമീഡിയാ പ്രൊജക്ടർ, കമ്പ്യൂട്ടർ, നെറ്റ് വർക്ക് സൗകര്യം, ശബ്ദസംവിധാനം എന്നിവ ഉപയോഗിച്ച് സജ്ജീകരിക്കുക.<br>4. മേൽപ്പറഞ്ഞ പഠനരീതികൾക്കനുഗുണമായി സ്മാർട്ട് ലാബിനെ ഒരുക്കുക. ഇതിനാവശ്യമായ ഉപകരണലഭ്യത, സുരക്ഷിതമായ ഇന്റർനെറ്റ് കണക്ഷൻ, ഉള്ളടക്ക ലഭ്യത, തുടർ പിന്തുണ എന്നിവ ഉറപ്പാക്കുക.<br>5. ഐ.സി.ടി. സഹായത്തോടെയുള്ള പുതിയ ബോധന തന്ത്രങ്ങൾ ഉപയോഗിക്കാൻ അദ്ധ്യാപകനെ പ്രാപ്തനാക്കുക. ഐ.സി.ടി. വിഭവങ്ങൾ തയ്യാറാക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള കഴിവും ആത്മവിശ്വാസവും മനോഭാവവും അദ്ധ്യാപകനിൽ വളർത്തിയെടുക്കുക. |
| (ഡി) | ഇതിനു എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്? | (ഡി) | ഓരോ സ്കൂളിലും ലഭ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വ്യത്യസ്തമായതിനാൽ കൃത്യമായ ചെലവ് കണക്കാക്കിയിട്ടില്ല. എന്നിരുന്നാലും ആദ്യഘട്ടത്തിൽ 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ